(ഡി) വൈദ്യുതി നിരക്ക് ദേശീയാടിസ്ഥാനത്തിൽ ഏകീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സിക്കിം (2001-02-ലെ പ്ളാനിംഗ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം ശരാശരി യൂണിറ്റ് വില—115.35 പൈസ).

(സി) ആസ്സാം (2001-02-ലെ പ്ളാനിംഗ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം ശരാശരി യൂണിറ്റ് വില—367.34 പൈസ).

(ഡി) ഓരോ സംസ്ഥാനത്തിനും വൈദ്യുതി ഉൽപ്പാദന, പ്രസരണ, വിതരണ ചെലവുകളും മറ്റു അനുബന്ധ ചെലവുകളും വ്യത്യസ്തമാണ്. ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാരാണ് ഒരു ഏകീകൃത താരിഫ് പോളിസിക്ക് അന്തിമരൂപം നൽകേണ്ടത്. എന്നാൽ ഇത് പൂർത്തിയായിട്ടില്ല. കേന്ദ്ര സർക്കാർ ഈ പോളിസി രൂപീകരിച്ചതിനുശേഷമേ അതിന്റെ ഗുണഗണങ്ങൾ വിലയിരുത്താൻ കഴിയുകയുള്ളൂ.

വൈദ്യുതി മോഷ്ടാക്കൾക്കെതിരെയുള്ള കേസുകൾ

3 [5334] ശ്രീ. എ. പി. അനിൽ കുമാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ്:
,, സി. പി. മുഹമ്മദ്:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തി;

(ബി) വൈദ്യുതി മോഷ്ടാക്കളിൽനിന്നും എന്തു തുക വൈദ്യുതി വിലയായും പിഴയായും ഈടാക്കി;

(സി) വൈദ്യുതി മോഷണം നടത്തിയ എത്ര പേരുടെമേൽ കേസ്സെടുത്തു;

(ഡി) വൈദ്യുതി മോഷണം നടത്തിയവരുടെമേൽ കേസ് എടുക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ഈ വർഷം (1-1-2003 മുതൽ 30-6-2003 വരെ) '114' വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി.

(ബി) വൈദ്യുതി മോഷ്ടാക്കളിൽനിന്നും 77,85,036 രൂപ ഈടാക്കിയിട്ടുണ്ട്.

(സി) വൈദ്യുതി മോഷണം നടത്തിയ 32 പേരുടെമേൽ കേസ്സെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈദ്യുതി മോഷണം നടത്തിയത് ആദ്യത്തെ തവണ ആയിരിക്കുകയും പിഴ ചുമത്തിയ തുക അവർ ബോർഡിൽ അടയ്ക്കുകയും ചെയ്താൽ അവരെ കേസ്സിൽനിന്നും ഒഴിവാക്കുന്നതാണ്. മോഷണം നടത്തിയത് ഒന്നിലധികം തവണ ആയിരിക്കുകയും പിഴ ചുമത്തിയത് അടയ്ക്കാതിരിക്കുകയും ചെയ്യുന്നവരുടെമേൽ നിയമാനുസരണം നടപടി എടുക്കാറുണ്ട്.

ഇലക്ട്രോണിക് മീറ്റർ ഉപയോഗിക്കാനുള്ള നിർദ്ദേശം

4 [5335] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക്/ഡിജിറ്റൽ മീറ്ററുകൾ മാത്രമേ ഉപഭോക്താക്കൾ ഉപയോഗിക്കുവാൻ പാടുള്ളൂവെന്ന് വൈദ്യുതി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ തരം മീറ്ററുകൾ വൈദ്യുതി ബോർഡിന് ഏതൊക്കെ കമ്പനികളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മീറ്ററുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും തെറ്റായ റീഡിംഗ് നൽകുന്നുവെന്നും ഉപഭോക്താക്കൾ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു പരിഹാര നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിന്റെ കൈവശം ഇപ്പോൾ സ്റ്റോക്കുള്ള ഇലക്ട്രോണിക്/ഡിജിറ്റൽ മീറ്ററുകളുടെ എണ്ണം എത്രയെന്നും, ഇനി എത്രയെണ്ണംകൂടി വാങ്ങുവാൻ ഓർഡർ നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇലക്ട്രോണിക് മീറ്ററുകൾ നൽകുന്ന സ്ഥാപനങ്ങൾ:

(1) ഇലക്ട്രിക്കൽ എനർജി എക്യൂപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, നോയിഡ
(2) എലിമർ ഇലക്ട്രിക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി
(3) എലിമർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി
(4) ജനസ് ഓവർസീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ജയ്പൂർ
(5) എച്ച്.പി.എൽ. ഡോകോമെക് പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി
(6) ആവോൺ മീറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചണ്ഡിഗർ
(7) ജെമിനി അഗേറ്റ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ
(8) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം.

ഡിജിറ്റൽ മീറ്ററുകൾ നൽകുന്ന സ്ഥാപനങ്ങൾ:

(1) ഡ്യൂക് ആർസിക്സ് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഹൈദ്രാബാദ്
(2) ജനസ് ഓവർസീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ജയ്പൂർ.

LIBRARY ARCHIVES Kerala Legislative Assembly